## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4625 04.02.2014 -ൽ മറുപടിക്ക്**

**പൊതുമരാമത്ത് നടത്തുന്ന വിവിധ റോഡ് നിർമ്മാണപ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) | പൊതുമരാമത്ത് മുഖേന നടത്തുന്ന വിവിധ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടും പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാലതാമസം കൂടാതെ പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | എ) | ഉണ്ട്. തടസ്സങ്ങൾ ഒഴിവായി സ്ഥലം വിട്ടുകിട്ടുന്നതിനുള്ള കാലതാമസവും ചില കോടതി വ്യവഹാരങ്ങളുമാണ് ചില സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചിട്ടും ആരംഭിക്കാൻ താമസം നേരിടുന്നത്. ഇത്തരം പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിച്ച് പ്രവർത്തികൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | വൈപ്പിൻ മണ്ഡലത്തിലെ എത്ര പ്രവൃത്തികളാണ് അനുമതി ലഭിച്ചിട്ടും ഇനിയും ആരംഭിക്കാത്തതെന്ന് വ്യക്തമാക്കാമോ; | ബി) | വൈപ്പിൻ മണ്ഡലത്തിൽ അനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത 5 പ്രവർത്തികളാണുള്ളത്. |
| സി) | എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ? | സി) | കാലാവധി കഴിഞ്ഞും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഒന്നും വൈപ്പിൻ മണ്ഡലത്തിൽ ഇല്ല . |

സെക്ഷൻ ഓഫീസർ